


പത്രക്കുറിപ്പ് 27.11.2015

# ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രമേള: ഉദ്ഘാടനചടങ്ങിൽ സക്കീർ ഹുസൈന്റെ നാദവിസ്മയം

തിരുവനന്തപുരം: ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഉദ്ഘാടനചടങ്ങിൽ നാദവിസ്മയം തീർക്കാൻ ലോകപ്രശസ്ത തബലവാദകൻ ഉസ്താദ് സക്കീർ ഹുസൈനെത്തുന്നു. ഡിസംബർ 4 നു തിരുവനന്തപുരത്തെ നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ഉദ്ഘാടനചടങ്ങ് മേളയുടെ പ്രത്യേകാതിഥിയായ സക്കീർ ഹുസൈന്റെ നവീന താളശൈലികൾക്ക് സാക്ഷിയാകും.

കലാസാംസ്കാരിക രംഗത്തെ പ്രമുഖർ അണിനിരക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി നിലവിളക്കുതെളിയിച്ച് ഏഴുദിവസത്തെ ചലച്ചിത്രോത്സവം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. ലോകസിനിമയ്ക്കു നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് ചലച്ചിത്രമേള ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡു നൽകി ആദരിക്കുന്ന ഇറാനിയൻ സംവിധായകൻ ദരൂഷ് മെഹ്റൂജിയുടെ സാന്നിധ്യവും ഉദ്ഘാടനചടങ്ങിനെ പ്രൗഢമാക്കും.

ഫ്രെഞ്ച് സംവിധായകൻ ജീൻ ജാക്വസ് ആനൂഡിന്റെ ത്രീ ഡി ചിത്രം 'വോൾഫ് ടോട്ടെം' ആണ് മേളയുടെ ഉദ്ഘാടന ചിത്രം. ജിയാൻ റോങ്ങ് എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന ചൈനീസ് എഴുത്തുകാരൻ ലൂ ജിയാമിന്റെ ആത്മകഥാപരമായ നോവലിനെ അടിസ്ഥാനമാക്കിയാണ് ചിത്രം തയ്യാറാക്കിയിരിക്കുന്നത്. മംഗോളിയൻ ഉൾനാടുകളിലെ മനുഷ്യരെ സംസ്കൃതരാക്കുക എന്ന ദൗത്യമേറ്റെടുത്ത് യാത്രതിരിക്കുന്ന ബെയ്ജിംഗുകാരൻ വിദ്യാർത്ഥിയാണ് പ്രധാനകഥാപാത്രം.ചൈനയിലെ ബുദ്ധിജീവികളെയും കലാകാരന്മാരെയും ഉൾപ്രദേശങ്ങളിലൊതുക്കിയ മാവോ സെതൂങിന്റെ സാംസ്കാരിക വിപ്ലവത്തോടുള്ള വിമർശനമെന്നതിലുപരി ഗ്രാമീണരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ കഥകൂടി ചിത്രം ചർച്ചചെയ്യുന്നു. പ്രകൃതിയുടെ വന്യതയും സൗന്ദര്യവും ക്യാമറയിലൊതുക്കുന്നതിൽ ആനൂഡിന്റെ മികവിനുള്ള സാക്ഷ്യം കൂടിയാണ് വോൾഫ് ടോട്ടെം.

ഉദ്ഘാടന ചിത്രത്തിനു മുൻപ് ഇരുപതാം ചലച്ചിത്രമേളയുടെ സിഗ്നേച്ചർ ഫിലിം പ്രദർശിപ്പിക്കും. ചലച്ചിത്രമേളയുടെ വീക്ഷണവും നയവും പ്രതിഫലിപ്പിക്കുന്ന 25 സെക്കന്റ് ദൈർഘ്യമുള്ള സിഗ്നേച്ചർ ഫിലിം നിഴലിനെയും വെളിച്ചത്തെയും കുറിച്ചുള്ള ഒരു ഹൈക്കുവാണ്.

കേരളത്തിലെ ആദ്യത്തെ ചലച്ചിത്രോത്സവത്തിന്റെ രണ്ടുപതിറ്റാണ്ട് ആഘോഷിക്കുന്നതിന സംസ്ഥാനത്തെ വിവിധ സാംസ്കാരിക സംഘടനകളുമായി ചേർന്ന് പരമ്പരാഗത നൃത്തവും മറ്റു രംഗകലകളും പൊതുജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കാനും ചലച്ചിത്രഅക്കാദമി തീരുമാനിച്ചിട്ടുണ്ട്. കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ഫോക് ലോർ അക്കാദമി, ഭാരത് ഭവൻ എന്നിവയുമായി ചേർന്ന് ഡിസംബർ 5 മുതൽ 10 വരെ സായാഹ്നങ്ങളിൽ കലാപരിപാടികൾ സംഘടിപ്പിക്കും.

കഥകളി, തെയ്യം, പടയണി, മോഹിനിയാട്ടം, കേരളനടനം തുടങ്ങിയവ കനക്കുന്നു കൊട്ടാരത്തിൽ ദിവസവും ആറുമണി മുതൽ ഏഴുമണിവരെ അരങ്ങേറും. ഭാരത് ഭവൻ ഓഡിറ്റോറിയത്തിൽ ജുഗൽബന്ദി സെഷനുകൾ നടക്കും.